പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3830 17/10/2011 ൽ മറുപടിയ്ക്ക്

# പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി. റ്റി. ബൽറാം | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക പുറമേ 8-ാം ക്ലാസ്സിൽ പഠിയ്ക്കുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സൈക്കിൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് അനുവദിച്ചു. 2010-11 അദ്ധ്യയന വർഷം മുതൽ മെഡിക്കൽ/ എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിയ്ക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് അനുവദിച്ചു. എം. ആർ. എസ്/ ആശ്രമ/ഏകലവ്യ സ്കൂളുകൾ/പോസ്റ്റ്മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകളിലെ ലൈബ്രറി സൗകര്യം വികസിപ്പിച്ചു. കൂടാതെ ടി സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ, ടി.വി. ഇവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. പെൺകുട്ടികൾ താമസിച്ച പഠിയ്ക്കുന്ന എം.ആർ.എസ്/ പ്രീമെട്രിക് ഹോസ്റ്റലുകളിൽ സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ഇടുക്കി, മലമ്പുഴ എന്നീ എം.ആർ.എസു കൾക്കുവേണ്ടി പുതിയ കെട്ടിടത്തിന്റെ |

| | | | |
|---|---|---|---|
| | | | പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. അമ്പലവയൽ, മീനങ്ങാടി, കാക്കവയൽ എന്നീ പ്രീമെട്രിക് ഹോസ്റ്റലുകൾക്കുവേണ്ടിയുള്ള പുതിയ കെട്ടിടങ്ങളുടെ പണി പൂർത്തീകരിച്ച് ഉദ്ഘാടനവും നിർവ്വഹിച്ചു. |
| (ബി) | എസ്.എസ്.എൽ.സി, +2, മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നത്; | (ബി) | എസ്.എസ്.എൽ.സി., +2, പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകളിൽ ഒന്നാം റാങ്ക് ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒരു പവൻ തൂക്കമുള്ള സ്വർണ്ണ നാണയം പ്രോത്സാഹന സമ്മാനമായി നൽകുന്നു. എസ്.എസ്.എൽ.സി., +2, ഡിഗ്രി, പി.ജി, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ ഉന്നതവിജയം കൈവരിക്കുന്നവർക്ക് വിവിധ നിരക്കിൽ പ്രോത്സാഹന അവാർഡ് നൽകുന്നു. ഇതിനു പുറമേ മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനം നേടുന്ന 40,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി 5,000/- രൂപ വീതവും നൽകി വരുന്നു. |
| (സി) | ഈ വിഭാഗക്കാരുടെ ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിന് നപടികൾ സ്വീകരിക്കുമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഹോസ്റ്റലുകളിലും എം.ആർ.എസ്.കളിലും ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 82,48,500/- രൂപ അനുവദിച്ചിട്ടുണ്ട്. ടി ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ, ടി.വി. എന്നിവ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലുകളിൽ സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ |

നടത്തുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചുവരുന്നു. സ്വന്തമായി കെട്ടിടം ഇല്ലാത്ത / വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്വന്തം ഭൂമിവാങ്ങി കെട്ടിടം പണിയുന്നതിന് തീവ്രനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. സ്ഥലസൗകര്യമുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ കട്ടിൽ, ബെഡ്, തുടങ്ങി ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ